## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3108

28.01.2014 ൽ മറുപടിക്ക്

### പാചകവാതക സബ്സിഡി തുകയിൽ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ.കെ.ശശീന്ദ്രൻ:<br>ശ്രീ. തോമസ് ചാണ്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതകത്തിന് ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുന്ന സബ്സിഡി തുക ആരാണ് നൽകുന്നത്; ആരുടെ അനുമതിയോടെയാണ് നൽകുന്നത്; കുറവിന് ആരാണ് ഉത്തരവാദി, വിശദമാക്കുമോ; | (എ) കേന്ദ്രസർക്കാരിന്റെ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി എണ്ണക്കമ്പനികളാണ് സബ്സിഡിതുക നൽകുന്നത്. സബ്സിഡിതുക ബാങ്കിലേക്ക് നൽകുന്നത് സോഫ്റ്റ്‌വെയർ മുഖേന ആയതിനാൽ സബ്സിഡിയിൽ കുറവുവരാൻ സാധ്യതയില്ല. എന്നാൽ അങ്ങനെ സംഭവിച്ചാൽ ഉപഭോക്താവിന് വിതരണ ഏജൻസിയെയോ, ബാങ്കിനെയോ സമീപിക്കാവുന്നതാണ്. |
| (ബി) ഗാർഹിക പാചകവാതക കണക്ഷന് നൽകുന്ന സബ്സിഡിയുടെ മാനദണ്ഡം അറിയാമോ; എങ്കിൽ വിശദമാക്കുമോ; | (ബി) ആധാർനമ്പർ ഏജൻസിയുമായും ബാങ്കുമായും ബന്ധപ്പെടുത്തിയിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും ബാങ്ക് അക്കൗണ്ടു വഴി സബ്സിഡിതുക ലഭ്യമാകുന്നതാണ്. ഉപഭോക്താവിന് നേരിട്ട് ഗ്യാസ് ഏജൻസി മുഖേനയോ, ഒ.എം.സി. പോർട്ടൽ അല്ലെങ്കിൽ ആർ.എഎസ്.പി. പോർട്ടൽ മുഖേനയോ ആധാർ ലിങ്ക് ചെയ്യാവുന്നതാണ്. ആധാർ ലിങ്ക് ചെയ്തതിനു ശേഷമുള്ള ആദ്യത്തെ ബുക്കിംഗ് സമയത്ത് ഉപഭോക്താവിന്റെ അക്കൗണ്ടിൽ 435/- രൂപ പെർമനന്റ് അഡ്വാൻസായി ലഭ്യമാക്കുന്നു. ഇത് ഉപഭോക്താവ് ഗ്യാസ് ഏജൻസിയിൽ അംഗമായിരിക്കുന്നിടത്തോളംകാലം നിലനിൽക്കുന്നു. അതിനുശേഷം ലഭ്യമാക്കുന്ന സിലിണ്ടറുകൾക്കുള്ള സബ്സിഡി ഓരോ തവണയും ബാങ്ക് അക്കൗണ്ടിലെത്തുന്നു. |

| | | | |
|---|---|---|---|
| (സി) | ഗാർഹിക പാചകവാതക ഉപഭോക്താക്കൾ വിതരണക്കാർക്ക് നൽകേണ്ട തുകയും അക്കൗണ്ടിൽ സർക്കാർ നൽകുന്ന സബ്സിഡി തുകയും പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി തുടർച്ചയായി ഉപഭോക്താക്കളെ അറിയിക്കുമോ? | (സി) | പാചകവാതകത്തിന്റെ വിലയും സബ്സിഡി തുകയും വിപണിയും മാസവും അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. പാചകവാതകത്തിന്റെ വില എല്ലാ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ